# പതിമൂന്നാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 972

20.03.2012 ൽ
മറുപടിക്ക്

## " എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റ് "

**ചോദ്യം**
**ശ്രീമതി.കെ.കെ.ലതിക**

**ഉത്തരം**
**ശ്രീ. പി.കെ. അബ്ദുറബ്ബ്**
**വിദ്യാഭ്യാസ വകുപ്പ് മന്ത്രി.**

| ചോദ്യം | ഉത്തരം |
|---|---|
| എ) കോഴിക്കോട് ജില്ലയിൽ എൽ.പി.എസ്. എ. തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അതിൽ എത്രയെണ്ണം പി.എസ്.സിയ്ക്ക് റിപ്പോർട്ടു ചെയ്തുവെന്നും വ്യക്തമാക്കുമോ; | എ) എൽ.പി.എസ്. എ. തസ്തികയിൽ 25 ഒഴിവുകളാണ് നിലവിലുള്ളത്. ഇതിൽ 9 എണ്ണം പി.എസ്.സിയ്ക്ക് റിപ്പോർട്ടു ചെയ്തു. ബാക്കി ഒഴിവുകളിൽ നിന്ന് ക്വാട്ട കണക്കാക്കി റിപ്പോർട്ടു ചെയ്യുന്നതാണ്. |
| ബി) റിപ്പോർട്ടു ചെയ്ത ഒഴിവുകളിൽ എത്രയെണ്ണത്തിൽ നിയമനം നടത്താനുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) റിപ്പോർട്ടു ചെയ്ത 9 എണ്ണത്തിലും നിയമനം നടത്താനുണ്ട്. |
| സി) ജില്ലയിലെ ഈ തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ പി.എസ്.സിയ്ക്ക് റിപ്പോർട്ടു ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; | സി) നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) പ്രസ്തുത തസ്തികയിലെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ടു ചെയ്യുന്നതിൽ കാലതാമസം വരുത്തിയതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ